**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4853** **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെ മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | എങ്കിൽ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഈയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ? | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖേന വിനിയോഗിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>2018-19 മുതൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നത്.<br><br>പുനർഗേഹം പദ്ധതിയുടെ അടങ്കൽ 2450 കോടി രൂപ ആണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) |

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബാക്കി (രൂപ) |
|---|---|---|---|
| 2019-20 | 2,00,00,00,000 | 3,18,45,983 | 1,96,81,54,017 |
| 2020-21 | | 1,20,69,27,897 | 76,12,26,120 |
| 2021-22 | 50,00,00,000/- | 88,33,10,334 | 37,79,15,786 |
| 2022-23 | | 37,76,29,017 | 2,86,769 |
| ആകെ | 2,50,00,00,000 | 2,49,97,13,231 | 2,86,769 |

2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റ് ശീർഷകത്തിൽ ഇതുവരെ 83.75 കോടി രൂപ അനുവദിച്ചു. അതിൽ 81 കോടി രൂപ ഇതിനകം ചെലവഴിച്ചു. അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകപ്പ് മുഖേന വിനിയോഗിച്ച തുകയുടെ വിവരങ്ങൾ

| ക്രമ നം. | വർഷം | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2016-17 | ബി.ഐ.എഫ് & എച്ച്.ഡി.എഫ്. ഭവന നിർമ്മാണം | 100 കോടി | 85,48,49,947/- |
| 2 | 2016-17 | എൻ.എഫ്.ഡബ്ല്യൂ.എഫ്. ഭവന നിർമ്മാണം | 33,09,33,000/- | 33,09,23,000/- |
| 3 | 2016-17 | ഭവന നിർമ്മാണം കോളനി നവീകരണം | 10 കോടി | 3,61,62,219/- |
| 4 | 2017-18 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും50 മീറ്റർ പുറത്ത് സ്ഥലമുള്ളവരുടെയും ഭവന നിർമ്മാണം | 90 കോടി | 71,31,70,553/- |

Sd/-
**സെക്ഷൻ ഓഫീസർ**